# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2380

13.02.2013 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണബാങ്ക് ഭരണസമിതി തിരഞ്ഞെടുപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) വായ്പേതരസംഘങ്ങൾക്ക് ജില്ലാ ബാങ്കുകളിൽ വോട്ടവകാശമുള്ള അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ; | (എ) കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012 ലെ 13-)o ആക്ട്) പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ അംഗത്വത്തെ പ്രതിപാദിക്കുന്ന വകുപ്പ് 2i(ia), വകുപ്പ് 28 എന്നിവയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ നിയമ ഭേദഗതി വരുത്തുകയുണ്ടായി. ആയതു പ്രകാരം 10.12.2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും നിലവിൽ വോട്ടവകാശം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിയമാനുസൃതം പൊതുയോഗം വിളിച്ചു കൂട്ടുകയും ടി പൊതുയോഗം അംഗീകരിച്ച ബൈലോ ഭേദഗതി വ്യവസ്ഥകൾ സഹകരണ സംഘം രജിസ്ട്രാർ രജിസ്റ്റർ ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമാവലി വ്യവസ്ഥകൾ പ്രകാരം യോഗ്യത നേടിയിട്ടുള്ള അംഗങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിൽ വോട്ടവകാശമുള്ള അംഗമായി ചേരാവുന്നതാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വായ്പാസംഘങ്ങളും വായ്പേതരസംഘങ്ങളും പുതുതായി രജിസ്റ്റർ ചെയ്തു; ജില്ലതിരിച്ച വിശദാംശം നൽകുമോ; | (ബി) വായ്പാ സംഘങ്ങളുടെയും വായ്പേതര സംഘങ്ങളുടെയും ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | വായ്പാ സഹകരണ സംഘങ്ങളുടെ എണ്ണം. | വായ്പേതര സഹകരണ സംഘങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 12 | 87 |
| കൊല്ലം | 7 | 35 |
| പത്തനംതിട്ട | 4 | 9 |
| ആലപ്പുഴ | 3 | 9 |
| കോട്ടയം | 2 | 19 |
| ഇടുക്കി | 1 | 21 |
| എറണാകുളം | 21 | 19 |
| തൃശ്ശൂർ | 6 | 90 |
| പാലക്കാട് | 36 | 30 |
| മലപ്പുറം | 3 | 42 |
| കോഴിക്കോട് | 15 | 58 |
| വയനാട് | 1 | 7 |
| കണ്ണൂർ | 7 | 11 |
| കാസർഗോഡ് | 4 | 42 |
| ആകെ | 122 | 479 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സഹകരണ സ്ഥാപനങ്ങളിൽ ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണച്ചുമതല ഏൽപ്പിച്ചു; ജില്ലതിരിച്ചു വ്യക്തമാക്കുമോ?

(സി) ഏഴ് ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണച്ചുമതല ഏൽപ്പിച്ചു. സഹകരണ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച സഹകരണ സംഘങ്ങൾ |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണ സംഘം ലിമിറ്റഡ് നം. റ്റി.696. |
| കൊല്ലം | ഈസ്റ്റ്കല്ലട സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. ക്യൂ 187 |
| ആലപ്പുഴ | 1. കരുമാടി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 1141<br>2. പുന്നപ്ര സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 181 |

| | |
|---|---|
| ഇടുക്കി | ഉദയഗിരി സർവീസ് സഹകരണ ബാങ്ക് |
| എറണാകുളം | കട്ടിലഞ്ഞി സർവീസ് സഹകരണ ബാങ്ക് |
| മലപ്പുറം | പെരിന്തൽമണ്ണ താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം |

സെക്ഷൻ ഓഫീസർ